ടൂറിസം കൺസർവേഷൻ ആന്റ് പ്രിസർവേഷൻ കമ്മിറ്റി

*10 [68] ശ്രീ. ബിനോയ് വിശ്വം:
,, എം. കുമാരൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം കൺസർവേഷൻ ആന്റ് പ്രിസർവേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ ആന്റ് ബി) സംസ്ഥാനത്ത് പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സംരക്ഷണത്തിനും പരിപാലനത്തിനും സമഗ്രവും ആസൂത്രിതവുമായ വികസനത്തിനും വേണ്ടി സംസ്ഥാന വിനോദസഞ്ചാര-സംരക്ഷണ പരിപാലന കമ്മിറ്റി രൂപീകരിക്കുന്നതിന് 2005-ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് ഓർഡിനൻസിൽ വ്യക്തമാക്കിയിട്ടുണ്ട്.

അണക്കെട്ടുകളുടെ സുരക്ഷിതത്വം

*11 [69] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
,, കെ. വി. തോമസ്:
ശ്രീ. വി. ജെ. പൗലോസ്:
,, കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിൽ എത്ര അണക്കെട്ടുകളുണ്ട്;

(ബി) ഇവയുടെ പഴക്കം എത്ര വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഇവയുടെ സുരക്ഷിതത്വത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇവയുടെ സേഫ്റ്റി ആഡിറ്റ് നടത്താനുദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 33.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ഡാമുകളുടെ സുരക്ഷിതത്വം പരിശോധിക്കുന്നതിന് സെൻട്രൽ വാട്ടർ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗരേഖകൾ അനുസരിച്ച് എല്ലാ വർഷവും പരിശോധനാപഠനങ്ങൾ നടത്തുന്നുണ്ട്. 2004-ൽ വിവിധ ഡാമുകളിൽ നടത്തിയ പരിശോധനയിൽ ആശങ്കാജനകമായ സ്ഥിതിവിശേഷം ഒന്നുംതന്നെ കണ്ടെത്തിയിട്ടില്ല. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സേഫ്റ്റി ആഡിറ്റിംഗ് സംവിധാനം നിലവിലില്ല. എന്നാൽ ഡാമുകളുടെ സേഫ്റ്റി റിവ്യൂ ചെയ്യുന്നതിനായി ഒരു സ്വതന്ത്ര സമിതി രൂപീകരിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്.

പ്രസരണ വിതരണ നഷ്ടം ലഘൂകരിക്കുന്നതിന് പദ്ധതികൾ

*12 [70] ശ്രീ. കെ. കെ. ജയചന്ദ്രൻ:

,, പി. സി. ജോർജ്:

,, എ. സി. മൊയ്തീൻ:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുതി വിതരണ സംവിധാനം കുറ്റമറ്റതാണോ എന്ന് വ്യക്തമാക്കുമോ;

(ബി) വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) പ്രസരണ-വിതരണ നഷ്ടം ലഘൂകരിക്കുന്നതിന് ബോർഡ് ആസൂത്രണം ചെയ്ത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രഖ്യാപിത പരിപാടികൾ പൂർത്തീകരിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly